"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2022-23 - കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ - റവന്യൂ ഓഫീസുകളുടെ പരിപാലനം/നിർമ്മാണം/നവീകരണം - തിരുവനന്തപുരം ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസ് നിർമ്മാണം - ജി.എസ്.ടി. നിരക്കിൽ വന്ന വർദ്ധനവ് കാരണം അധികരിച്ച എസ്റ്റിമേറ്റ് തുകയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.844/2025/RD    തീയതി,തിരുവനന്തപുരം, 06-04-2025

---

പരാമർശം:-

1. 06.08.2022 തീയതിയിലെ സ.ഉ.(സാധാ)നം.3369/2022/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 15.09.2022 തീയതിയിലെ 79/2022/ധന നമ്പർ സർക്കുലർ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 07.03.2025 തീയതിയിലെ LR/4376/2024-LR(M1) നമ്പർ കത്ത്.

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷം കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലെ റവന്യൂ ഓഫീസുകളുടെ പരിപാലനം/നിർമ്മാണം/നവീകരണം എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലാകളക്ടറുടെ ക്യാമ്പ് ഓഫീസ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 4,42,99,540/- രൂപയുടെ ഭരണാനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2] തിരുവനന്തപുരം ജില്ലാകളക്ടറുടെ ക്യാമ്പ് ഓഫീസ് നിർമ്മിക്കുന്നതിനായി സമർപ്പിച്ച 4,42,99,540/- രൂപയുടെ എസ്റ്റിമേറ്റ് 12% ജി.എസ്.ടി കണക്കാക്കിയിട്ടുള്ളതാണെന്നും എന്നാൽ ടി വർക്കിന് ജി.എസ്.ടി തുകയിൽ 18% വർദ്ധനവ് വന്നിട്ടുള്ളതിനാൽ എസ്റ്റിമേറ്റ് വാല്യൂവിൽ 22,65,768/- രൂപ അധികരിച്ച് വരുന്നതായും ആയത് അവസാന ഘട്ടത്തിലായ പ്രസ്തുത നിർമ്മാണ പ്രവർത്തികളെ ബാധിക്കുന്നതായും ടി സാഹചര്യത്തിൽ ജി.എസ്.ടി നിരക്കിലെ വർദ്ധനവ് തുകയായ 22,65,768/- രൂപ (ഇരുപത്തിരണ്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി എഴുന്നൂറ്റി അറുപത്തി എട്ട് രൂപ) 5475-00-800-77-01 എന്ന ശീർഷകത്തിൽ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും പരാമർശം 3 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022-23 സാമ്പത്തിക വർഷം കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലെ റവന്യൂ ഓഫീസുകളുടെ

പരിപാലനം/നിർമ്മാണം/നവീകരണം എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസ് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയ 4,42,99,540/- രൂപയിൽ ജി.എസ്.ടി നിരക്കിൽ വന്ന വ്യതിയാനം കാരണം അധികരിച്ചു വരുന്ന 22,65,768/- രൂപ കൂടി ഉൾക്കൊള്ളിച്ച്, ടി പ്രവൃത്തിയ്ക്ക് 4,65,65,308/- രൂപയുടെ (നാല് കോടി അറുപത്തിയഞ്ച് ലക്ഷത്തി അറുപത്തിയയ്യായിരത്തി മുന്നൂറ്റി എട്ട് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

4] പ്രസ്തുത ഇനത്തിൽ വേണ്ടി വരുന്ന തുക 5475-00-800-77-01 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 07-04-2025 10:37:46